നം.കെ.എസ്.എ-കെ.ടി.എം.പി5/1257/2019 തീയതി : 31.08.2019

# കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.10.2018 മുതൽ 30.06.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 09.09.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ.സാബു സി.ജോർജ്ജ്<br>ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 30.07.2019 മുതൽ 09.08.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സി.ആർ. ബീനാകുമാരി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (05.08.2019 മുതൽ) |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രഞ്ജിത് എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | | (03.08.2019, 07.08.2019 എന്നീ തീയതികൾ ഒഴികെ) |
| | ശ്രീ.ഉണ്ണികൃഷ്ണൻ എം. | ഓഡിറ്റർ (05.08.2019, 06.08.2019, 07.08.2019 എന്നീ തീയതികൾ ഒഴികെ) |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബി.പ്രദീപ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി ഗീത മേരി മാമ്മൻ | 01.04.2018 മുതൽ 31.03.2019 വരെ |

(സി) <u>മറ്റ് നിർവഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | സ്നേഹലത മാത്യൂസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.അജയ് കുരുവിള | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | ഡോ.ജോസഫ് ആന്റണി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | ഡോ.വിനീത | 01.04.2018 മുതൽ 31.07.2018 വരെ |
| | ഡോ.ആരതി ഗോപിനാഥ് | 31.07.2018 മുതൽ 03.10.2018 വരെ |
| | ഡോ.സൗമ്യ | 04.10.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ബിഷ്ണമായ സുധാകരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീമതി ജലജാമണി | 01.04.2018 മുതൽ 16.11.2018 വരെ |
| | ശ്രീമതി മനോജ് | 17.11.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ജിനു മേരി ബെഞ്ചമിൻ | 01.04.2018 മുതൽ 17.07.2018 വരെ |
| | ശ്രീമതി അന്ന മാത്യു | 18.07.2018 മുതൽ 09.01.2019 വരെ |
| | ശ്രീമതി ചിന്ദു റ്റി. കുട്ടപ്പൻ | 10.01.2019 മുതൽ 31.03.2019 |

| | | |
|---|---|---|
| | | വരെ |
| അസിസ്റ്റന്റ് എൻജിനീയർ (എൽ.എസ്.ജി.ഡി.) | ശ്രീ.അജയകുമാർ | 01.04.2018 മുതൽ 20.06.2018 വരെ |
| | ശ്രീ.അങ്കിത് | 02.07.2018 മുതൽ 24.10.2018 വരെ |
| | ശ്രീമതി നീലിമ | 24.10.2018 മുതൽ 25.11.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.വിജയകുമാർ | 01.04.2018 മുതൽ 25.11.2018 വരെ |
| | ശ്രീമതി ജയറാണി | 26.11.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാജു ഇ.കെ. | 01.04.2018 മുതൽ 23.06.2018 വരെ |
| | ശ്രീ.ചെല്ലപ്പൻ പി.റ്റി. | 23.08.2018 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് - എൽ.പി.എസ് | ശ്രീമതി ജമീല സി.എച്ച്. | 01.04.2018 മുതൽ 31.03.2019 വരെ |

**(ഡി) <u>ഉള്ളടക്കം</u>**


| ഖണ്ഡിക നം. | വിഷയം |
|---|---|
| **ഭാഗം 1 -- പൊതു അവലോകനം** | |
| 1-1 | ബജറ്റ് - വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം - വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| **ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വസ്തുനികുതി നിർണ്ണയത്തിൽ അപാകത |
| | |

| | |
|---|---|
| 2-2 | വാടക കുടിശ്ശിക ലഭിക്കാൻ അവശേഷിക്കുന്നു |
| 2-3 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകത |
| 2-4 | വസ്തുനികുതി ഒഴിവാക്കി നൽകിയ കെട്ടിടത്തെ ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി ഈടാക്കി |
| 2-5 | വിവിധ റോഡ് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ ബാരൽവില അതാത് ഫണ്ടുകളിൽ തിരികെ ഒടുക്കിയിട്ടില്ല |
| 2-6 | ഇ-ടെൻഡർ- ടെൻഡർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല |
| 2-7 | തൊഴിൽനികുതി അടച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 2-8 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകത |
| 2-9 | ബിൽഡിംഗ് പെർമിറ്റ് അപാകത |
| 2-10 | പെട്രോൾ പമ്പുകൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു |
| **ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | വിവിധ പ്രോജക്ടുകൾക്ക് ചെലവഴിച്ച തുകകൾ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല-8.96 ലക്ഷം രൂപ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല |
| 3-2 | വാട്ടർ പൈപ്പ് കണക്ഷൻ-സ്ട്രീറ്റ്ലൈറ്റ് തുടങ്ങിയവയുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 3-3 | തെങ്ങുകൃഷി വികസനം-തെങ്ങിൻ തൈകൾ നാളിതുവരെ ലഭിച്ചില്ല |
| 3-4 | കൃഷി ഭവൻ ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ-ഉപകരണങ്ങൾ ലഭിക്കാനവശേഷിക്കുന്നു |
| 3-5 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-6 | ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-7 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 3-8 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം- തുകകളുടെ വിനിമയം ഇടനില അക്കൗണ്ടിലൂടെ നടത്തി |
| 3-9 | ലൈഫ് ഭവന നിർമ്മാണം-വീട് പണി പൂർത്തീകരിച്ചിട്ടില്ല |
| 3-10 | പ്രോജക്ട് നം.74/19 സാന്ത്വന പരിചരണം-ഇൻവോയ്സ് പ്രകാരമുള്ള മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല |
| 3-11 | കരാർ പ്രകാരമുള്ള സമയക്രമം പാലിക്കാത്ത മരാമത്ത് പ്രവൃത്തി-പിഴ ഈടാക്കിയതിൽ കുറവ് |
| 3-12 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല |
| 3-13 | പ്രോജക്ട് 67/19 - 51-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് - പൊളിച്ച് നീക്കിയ സാധനങ്ങൾ ലേലം ചെയ്തിട്ടില്ല |
| 3-14 | കാർഷിക പുനർജീവന കേന്ദ്രം-ഭരണാനുമതി ലഭിച്ച 2.128 കോടിയുടെ നബാർഡ് ധനസഹായം-നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല |
| 3-15 | 12-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടനിർമ്മാണം - കെട്ടിടം |

| | |
|---|---|
| | പ്രവർത്തനക്ഷമമായില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 3-16 | ആശ്രയ പദ്ധതി-നിർവ്വഹണം ഫലപ്രദമല്ല |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |


# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ് - വിശകലനം

2018-19 വർഷത്തെ ബജറ്റ് 17.03.2018 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 79,34,591 | 1,56,63,887.95 | 77,29,296 | |
| വരവ് | 11,73,96,000 | 6,37,38,302.00 | | 1,01,50,846 |
| ആകെ | 12,53,30,591 | 7,94,02,189.95 | | 24,21,550 |
| ചെലവ് | 11,92,61,500 | 6,19,20,058.00 | | |
| നീക്കിയിരിപ്പ് | 60,69,091 | 1,74,82,131.95 | 1,09,43,693 | |

ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതിയുടെ 16.2.2019ലെ 6(1)-ാം നം. തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് |
|---|---|
| മുന്നിരിപ്പ് | 1,56,63,887 |
| വരവ് | 10,72,45,154 |
| ആകെ | 12,29,09,041 |
| ചെലവ് | 10,54,26,910 |
| നീക്കിയിരിപ്പ് | 1,74,82,131 |

# 1-2 വാർഷിക ധനകാര്യ പത്രിക

20.05.2019 ന് വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ചു.

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | വാർഷിക കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-2019 | 29.05.2019 & 30.05.2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 22.06.19 ലെ കെ.എസ്.എ-കെ.ടി.എം.പി5/796/19 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ വിശകലനം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | **15663887.95** |
| വരവ് | 6,37,38,302.00 |
| ആകെ | 7,94,02,189.95 |
| ചെലവ് | 6,19,20,058.00 |
| നീക്കിയിരിപ്പ് | 1,74,82,131.95 |

# 1-5 ഫണ്ട് വിനിയോഗം - വിശകലനം

**എ)** പഞ്ചായത്തിന്റെ 2018-19 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ

കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 0 | 1,41,01,580 | 1,41,01,580 | 1,39,27,132 | 1,74,448 | 98.76 |
| വികസനഫണ്ട് - എസ്.സി.പി. | 0 | 32,45,000 | 32,45,000 | 32,37,115 | 7,885 | 99.76 |
| വികസനഫണ്ട് - ടി.എസ്.പി. | 0 | 1,58,000 | 1,58,000 | 1,58,000 | 0 | 100 |
| സംരക്ഷണഗ്രാന്റ് - റോഡ് | 0 | 56,57,000 | 56,57,000 | 56,57,000 | 0 | 100 |
| സംരക്ഷണഗ്രാന്റ് - നോൺറോഡ് | 0 | 29,15,000 | 29,15,000 | 20,30,604 | 8,84,396 | 63.66 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 66,02,000 | 66,02,000 | 56,81,581 | 9,20,419 | 86.06 |
| തൊഴിലുറപ്പ് പദ്ധതി(എം.ജി.എൻ. ആർ.ഇ.ജി.എസ്.) | 5269 | 1,15,46,125 | 1,15,51,394 | 1,15,45,452 | 5,942 | 99.9 |
| ബി - ഫണ്ട് | 0 | 3,27,43,140 | 3,27,43,140 | 3,27,43,140 | 0 | 100 |
| ജനറൽ പർപ്പസ് ഫണ്ട് | 0 | 81,70,957 | 81,70,957 | 81,70,957 | 0 | 100 |
| തനതുഫണ്ട് | | 68,07,843 | 68,07,843 | 1,00,50,145 | | |

**ബി)** വിവിധ ഇനങ്ങളിലായി ലഭിച്ച സർക്കാർ ധനസഹായങ്ങൾ യഥാസമയം വിനിയോഗിക്കാതിരുന്നതിനാൽ തൻവർഷ വികസനപ്രവർത്തനങ്ങൾക്ക് ഉതകുമായിരുന്ന 19,87,148 രൂപ പാഴായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 1,74,448 |
| വികസനഫണ്ട്(എസ്.സി.പി.) | 7,885 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 8,84,396 |
| 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 9,20,419 |
| **ആകെ** | **19,87,148** |

ഭാവിയിൽ സർക്കാർ ഗ്രാന്റുകൾ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വാർഷിക പദ്ധതിയായ 2018-19 വാർഷിക പദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവും സ.ഉ.(കൈ) നം.11/2018/ത.സ്വ.ഭ.വ. തീയതി 29.01.2018; ജി.ഒ.(എം.എസ്.) 22/2018/ത.സ്വ.ഭ.വ 14.02.2018 എന്നിവ പ്രകാരമാണ് നിർവ്വഹിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 15.02.2019 ലെ ഉത്തരവു നം.490/18/DPC/DPO/KTM പ്രകാരം അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 14.11.2018-22.11.18 |
| വികസനസെമിനാർ | 27.2.18 |
| ഊരുകൂട്ടം | 14.2.18 |
| ഭിന്നശേഷി ഗ്രാമസഭ | 23.2.18 |
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 14.2.18 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 8,31,51,600/- രൂപയും ആകെ ചെലവ് 4,19,71,932/- രൂപയുമാണ്. ചെലവുശതമാനം 50.5%. അംഗീകാരം ലഭിച്ച 137 പ്രോജക്ടുകളിൽ 105 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 13 | 13 | 18,68,758 | 1690093 | 90.4 |
| 2 | വെറ്ററിനറി സർജൻ | 6 | 5 | 36,15,000 | 2306003 | 63.8 |
| 3 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 1 | 1 | 5,00,000 | 478423 | 95.7 |
| 4 | മെഡിക്കൽ ഓഫീസർ- ആയുർവേദം | 1 | 1 | 3,00,000 | 300000 | 100 |
| 5 | വില്ലേജ് | 6 | 5 | 48,92,018 | 4028852 | 82.3 |

| | | | | | | |
|---|---|---|---|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസർ | | | | | |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 2 | 1,60,37,528 | 11629757 | 72.5 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 4 | 34,99,450 | 2666869 | 76.2 |
| 8 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 18 | 13 | 44,13,420 | 2663482 | 60.3 |
| 9 | ഹെഡ്മാസ്റ്റർ, ഗവ. യു.പി.എസ്. | 2 | 2 | 6,18,000 | 618000 | 100 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 48 | 4,40,40,654 | 13047491 | 29.6 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 18,00,000 | 1300000 | 72.2 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 7 | 15,66,772 | 1242962 | 79.3 |
| **ആകെ** | | **137** | **103** | **8,31,51,600** | **4,19,71,932** | **50.47** |

കൃഷി ഓഫീസർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന ഭൂരിഭാഗം പ്രോജക്ടുകളും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്ന 29.6% പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. തൻവർഷം വിവിധ ഫണ്ടുകളിലായി ലഭിച്ച 19.87 ലക്ഷം രൂപ യഥാസമയം വിനിയോഗിക്കാതിരുന്നതിനാൽ നഷ്ടപ്പെടുകയുണ്ടായി. ആശ്രയ പദ്ധതിയിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

2018-19 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ പ്രോജക്ടുകൾ എല്ലാ മേഖലകളിലും നടപ്പാക്കിയിട്ടുണ്ടെങ്കിലും സമഗ്രവികസനം എന്ന കാഴ്ചപ്പാട് പുലർത്താൻ പൂർണ്ണമായും സാധിച്ചിട്ടില്ല. വർക്കിങ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. എല്ലാ വർക്കിങ് ഗ്രൂപ്പുകളും 2018-19 വർഷത്തിൽ ഒരു തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവ ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>**വികസനകാര്യം**</u>

2018-19 വാർഷികപദ്ധതി അവലോകനത്തിന്റെ ഭാഗമായി വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

**ധനകാര്യം**

ധനകാര്യസ്റ്റാന്റിങ്ങ് കമ്മറ്റി പദ്ധതി പ്രവർത്തനത്തിൽ സജീവമായ പങ്ക് വഹിച്ചിട്ടില്ലായെന്ന് കാണുന്നു. വരവുചെലവ് കണക്കുകൾ അംഗീകരിക്കുന്നത് ഒഴികെ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച വിലയിരുത്തലുകൾ ഉണ്ടാവുന്നില്ല. പഞ്ചായത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടായിട്ടുണ്ട്. പുതിയ വരുമാന സ്രോതസ്സുകൾ ഒന്നും കണ്ടെത്തിയിട്ടില്ല.

**ആരോഗ്യം/വിദ്യാഭ്യാസം**

പദ്ധതി രൂപീകരണം സംബന്ധിച്ച് ചർച്ച ചെയ്ത് പ്രോജക്ട് നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നു. ശുചിത്വ ജാഗ്രതാ ശുചീകരണ പ്രവർത്തനങ്ങൾ, സാംക്രമിക രോഗ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശുപാർശ ചെയ്തിരുന്നു. പാറമട കുളങ്ങളിൽ മത്സ്യം വളർത്തുന്നതിന്റെ സാധ്യത ആരായുന്നതിന് തീരുമാനം എടുത്തിരുന്നു.

**ക്ഷേമകാര്യം**

വിവിധ ക്ഷേമപെൻഷനുകളുടെ അംഗീകാരം നൽകൽ മാത്രമാണ് ക്ഷേമകാര്യസ്റ്റാന്റിങ്ങ് കമ്മറ്റിയുടെ പ്രവർത്തനമുള്ളതായി കാണുന്നത്. ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയതായി കാണുന്നില്ല.

**പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് (ഗ്രീൻ പ്രോട്ടോക്കോൾ) ബൈലായ്ക്ക് സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ല**

പഞ്ചായത്ത് ഭരണസമിതിയുടെ 9.5.2018 ലെ 13(2)-ാം നമ്പർ തീരുമാനപ്രകാരം പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് (ഗ്രീൻ പ്രോട്ടോക്കോൾ) ബൈലാ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഇത് ഭരണസമിതിയുടെ ഭാഗത്തുനിന്നുമുള്ള പ്രശംസനീയമായ ഒരു നടപടിയാണ്. ബൈലായ്ക്ക് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനും ബൈലൊ പ്രവർത്തിപഥത്തിലെത്തിക്കുന്നതിനും ഉള്ള സത്വരനടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

# 1-7 തൊഴിലുറപ്പ് പദ്ധതി - അവലോകനം

ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ 2018-19 ലെ വരവുചെലവുകൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 5,269 | 5,44,173 | 5,49,442 | 5,43,500 | 5,942 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,10,01,952 | 1,10,01,952 | 1,10,01,952 | 0 |
| ആകെ | 5,269 | 1,15,46,125 | 1,15,51,394 | 1,15,45,452 | 5,942 |

# 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 60,240 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 28,56,000 | 233 |
| വിധവാപെൻഷൻ | 78,70,700 | 657 |
| വാർദ്ധക്യകാലപെൻഷൻ | 1,91,98,300 | 1616 |
| വികലാംഗപെൻഷൻ | 22,36,700 | 202 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 3,43,200 | 28 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90,000 | 3 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.07.2019 തീയതി 02.48 പി.എം.-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,589/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

റിപ്പോർട്ട് കാലയളവിൽ ഓഫീസ് പ്രവർത്തനങ്ങൾ വിവിധ ഓഫീസ് ഉത്തരവുകൾ പ്രകാരം ചിട്ടപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ട്. രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിലും (വാടക ഒഴികെ) പരിശോധനാ വിധേയമാക്കുന്നതിലും കൃത്യത പുലർത്തിയിട്ടുണ്ട്. എന്നാൽ അക്കൗണ്ടിംഗുകളിൽ വന്ന വീഴ്ചകളിന്മേലും സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളിലുള്ള പാളിച്ചകളിലും യഥാസമയം പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ & തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.07.19 | 06/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.10.2017-30.10.2017 | 2012-13 മുതൽ 2016-17 വരെ | LBA (HQ)- II 8A- 2704/17-18/275- dt 08.12.2017 |

# 1-12 വാർഷിക കണക്കുകളുടെ അവലോകനം

കങ്ങഴ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 29.04.2019-ാം തീയതിയിലെ 6(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2018-19ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീപ്റ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 1,56,63,887.95/-രൂപയും തൻവർഷ വരവ് 6,37,38,302/-രൂപയും തൻവർഷ ചെലവ് 61,920,058/-രൂപയും വർഷാവസാന നീക്കിയിരിപ്പ് 1,74,82,131.95/-രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 9,42,22,196/-രൂപയും ആകെ ചെലവ് 9,20,47,662/-രൂപയും ആകുന്നു. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ വരുമാനമായി കണക്കാക്കിയ 1,28,298/-രൂപ ഉൾപ്പടെ തൻവർഷത്തെ വരുമാന മിച്ചം (Surplus) 23,02,832/-രൂപയായും കണക്കാക്കിയിട്ടുണ്ട്. 31.3.19 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 3,95,43,098.95/-രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 2,51,54,947.8/-രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 1,43,88,151.15/-രൂപയും ആകുന്നു. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യപത്രികകൾ ഓഡിറ്റിൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2.07.2011ലെ ജി.ഒ(എം.എസ്.)152/11തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ നാളിതു വരെ പൂർത്തീകരിക്കാത്തതിനാൽ കണക്കാക്കപ്പെട്ട 31.03.2019 പ്രകാരമുള്ള ജനറൽ ഫണ്ട് പൊസിഷന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല

2) കിട്ടാനുള്ള തുകകൾക്ക് കാലപഴക്കത്തിന്റെ അടിസ്ഥാനത്തിൽ പ്രോവിഷൻ നൽകിയിട്ടില്ല.

3) വസ്തു നികുതിയിനത്തിലെ ഡിമാന്റ് (കുടിശ്ശിക) കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ-സഞ്ചയ റിപ്പോർട്ടുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | സാംഖ്യ പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|
| ഡിമാന്റ് (തൻ വർഷം) | 39,39,032 | 39,39,032 |
| ഡിമാന്റ് (കുടിശ്ശിക) | 7,77,139 | 10,48,251 |
| കളക്ഷൻ (തൻവർഷം) | 34,98,808 | 35,13,317 |
| കളക്ഷൻ (കുടിശ്ശിക) | 7,16,410 | 6,90,784 |

4) വിവിധ പ്രോജക്ടുകൾക്ക് ചെലവഴിച്ച 8,96,183 രൂപ ഐ.കെ.എം. ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല(ഖ.3-1).

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതിനിർണയത്തിൽ അപാകത

സഞ്ചയ മുഖേന വസ്തുനികുതി പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ 7-ാം വാർഡിൽ കെ.എ.നാസർ എന്നയാളിന്റെ ഉടമസ്ഥതയിലുള്ളതും 324 ച.മീറ്റർ തറവിസ്തീർണമുള്ളതുമായ കെട്ടിടത്തെ (കെട്ടിടനമ്പർ-23എ) വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള, ഷോപ്പുകൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 35/- രൂപ അടിസ്ഥാനനികുതിനിരക്ക് ചുമത്തി 2013-14 ഒന്നാം അർദ്ധ വർഷം മുതൽ വസ്തുനികുതി നിർണയിച്ചതായി കാണുന്നു. വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണമുള്ള കെട്ടിടത്തിന് പഞ്ചായത്ത് പ്രദേശത്ത് ബാധകമായ നികുതിനിരക്ക് ച.മീറ്ററിന് 50/-രൂപ ആയതിനാൽ മേൽപ്പറഞ്ഞ നികുതി നിർണയത്തിൽ കുറവ് ഉണ്ടായത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.19) മറുപടിയിൽ സഞ്ചയ സോഫ്റ്റ്വെയറിൽ കെട്ടിടത്തിന്റെ വിവരങ്ങൾ പ്യൂരിഫിക്കേഷൻ നടത്തി ലോക്ക് ചെയ്തതിനാൽ നിലവിൽ നികുതി പുനർനിർണ്ണയിക്കാൻ സാധിക്കുകയില്ലെന്നും തുടർ നടപടികൾ സ്വീകരിച്ച് നികുതി പുനർനിർണ്ണയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്യൂരിഫിക്കേഷൻ നടത്തി ലോക്ക് ചെയ്തതിന് ശേഷവും ഇപ്രകാരമുള്ള അപാകതകൾ നിലനിൽക്കുന്നത് പ്യൂരിഫിക്കേഷൻ നടപടികൾ ഫലപ്രദമായിട്ടില്ല എന്ന് വ്യക്തമാക്കുന്നു. വസ്തുനികുതി നിർണ്ണയത്തിൽ ഇപ്രകാരമുള്ള അപാകത സംഭവിക്കുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിച്ച് നിശ്ചിത നിരക്കിൽ തുക ഈടാക്കി ഓഡിറ്റിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 2-2 വാടക -കുടിശ്ശിക ലഭിക്കാൻ അവശേഷിക്കുന്നു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള രണ്ട് ഷോപ്പിങ്ങ് കോംപ്ലക്സുകളിലെ മുറികൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

1) ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടിക്രമങ്ങളും വ്യവസ്ഥകളും കുത്തകക്കാർ അനുവർത്തിക്കേണ്ട വ്യവസ്ഥകളും പ്രതിപാദിക്കുന്ന ബൈലോ ലഭ്യമാക്കിയിട്ടില്ല. 2018-19 വർഷത്തെ വാടകകുടിശ്ശികയായ 60,867 രൂപയിൽ 30,828 രൂപ 2019-20 വർഷം അടവാക്കിയിട്ടുണ്ട്.

2) 2018-19 വർഷത്തെ വാടകയിനത്തിൽ 30039/- രൂപ കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

3) എല്ലാ വാടകക്കാരുമായും കരാറിലേർപ്പെട്ടില്ല. ലഭ്യമാക്കിയ കരാറിൽ പൂർണമായ രേഖപ്പെടുത്തൽ നടത്തിയിട്ടുമില്ല. വ്യക്തമായ കരാറിലേർപ്പെടാതെ മുറികൾ വാടകയ്ക്ക് നൽകുന്നത് ക്രമപ്രകാരമല്ല. കരാറിന്റെ അഭാവം മുൻകൂർ നോട്ടീസ് നൽകാതെ മുറി ഒഴിയുന്ന വാടകക്കാർക്കെതിരെ തുടർനടപടി സ്വീകരിക്കാൻ തടസ്സമാകുന്നു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
വാടകക്കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-3 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ -അപാകത

1) ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം മുൻ വർഷത്തെ കുടിശിക തുകയിൽ 4,100/-രൂപ കിട്ടാനവശഷിക്കുന്നു. കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിന് മുൻപ് അപേക്ഷ നൽകി ലഭിക്കേണ്ട ലൈസൻസ് കുടിശ്ശികയായി അവശേഷിക്കുന്ന സാഹചര്യം ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 2018-19 വർഷത്തെ ലൈസൻസ് അപേക്ഷാരജിസ്റ്റർ പ്രകാരം താഴെപറയുന്ന സ്ഥാപന ഉടമകൾ "ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ" ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസിന് അപേക്ഷ നല്കിയിട്ടുണ്ട്. എന്നാൽ ചില സ്ഥാപനങ്ങൾ ഫീസ് അടച്ച് ലൈസൻസ് പുതുക്കിയിട്ടില്ല എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമ | അപേക്ഷ സമർപ്പിച്ച തീയതി |
|---|---|---|---|
| 1 | 13/469 | അലക്സാണ്ടർ എം. | 11.4.18 |
| 2 | 2/28C | മാത്യു സ്കറിയ | 15.7.18 |
| 3 | 13/411 | ഖലീൽ ഇബ്രാഹിം | 20.4.18 |
| 4 | 13/386 | കെ.എ.സലിം | 19.5.18 |
| 5 | 10/173 | ഷാജഹാൻ പി.എ. | 6.6.18 |
| 6 | 13/373 | ഷാജി സി.എ. | 31.7.18 |
| 7 | 11/21 | സുദീഷ് കുമാർ എം.എസ്. | 12.9.18 |
| 8 | 8/451 | യൂസഫ് പി.ഡി. | 23.10.18 |
| 9 | 13/428 | ഷാനവാസ് ഖാൻ | 31.12.18 |
| 10 | 7/16 | ഡോ.പി.കെ.നീലകണ്ഠൻ | 12.3.18 |

തുടർനിരീക്ഷണത്തിന്റെ അഭാവത്തിൽ മേൽ പറഞ്ഞ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചിരുന്നോയെന്നത് വ്യക്തമല്ല. അപാകത ആവർത്തിക്കാതിരിക്കാൻ ഗ്രാമപഞ്ചായത്തു പ്രദേശത്തുള്ള കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ

തയ്യാറാക്കേണ്ടതും, ടി ലൈസൻസോട് കൂടിയാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## 2-4 വസ്തു നികുതി ഒഴിവാക്കി നൽകിയ കെട്ടിടത്തെ ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി ഈടാക്കി

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | കെട്ടിട ഉടമ | നികുതി ഒഴിവാക്കി നൽകിയ കാലയളവ് | ഒഴിവാക്കൽ കാലയളവ് മുതൽ ഈടാക്കിയ നികുതി തുക |
|---|---|---|---|---|
| 1. | I/125 | അമ്മിണി പൊന്നപ്പൻ ആനിക്കാട്കുന്നേൽ | 2015-16 മുതൽ | 290/- |

പ്രസ്തുത കെട്ടിടത്തെ, വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയതായി, സഞ്ചയ വെബ് പോർട്ടൽ, മറ്റനുബന്ധ രേഖകൾ എന്നിവയിൽ നിന്നും വ്യക്തമായിട്ടുണ്ട്. എന്നാൽ ടി കെട്ടിട ഉടമയിൽ നിന്നും 2018-19 വർഷത്തെ വസ്തു നികുതി ഈടാക്കിയതായി, ഓഡിറ്റ് വർഷത്തെ രസീത് പരിശോധനയിൽ വ്യക്തമായിട്ടുണ്ട് (ഔട്ട് ഡോർ കളക്ഷൻ - മാനുവൽ രസീത് നം.53 / 15.11.2018 - രസീത് ബുക്ക് നം.31464). അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.06/05.08.2019), സഞ്ചയ ഡേറ്റ ബേസിൽ വന്ന പിഴവ് (നികുതി ഒഴിവാക്കൽ കാലയളവ് 2019-20 എന്ന് രേഖപ്പെടുത്തേണ്ടിയിരുന്നത്, 2015-16 എന്ന് തെറ്റായി രേഖപ്പെടുത്തി) മൂലമാണ് അപാകത സംഭവിച്ചതെന്നും, ഡേറ്റാ ബേസിൽ തിരുത്തൽ വരുത്തുന്നതിനുള്ള അനുമതി ലഭിക്കുന്ന മുറയ്ക്ക്, ടി അപാകതയിന്മേൽ നടപടി സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭിച്ചിട്ടുണ്ട്. നികുതി സംബന്ധമായ വസ്തുതകൾ ബന്ധപ്പെട്ട ഡേറ്റ ബേസിൽ രേഖപ്പെടുത്തൽ വരുത്തിയപ്പോൾ പിഴവ് സംഭവിച്ചത്, വീഴ്ചയാണ്. തുടർ വർഷങ്ങളിൽ അപാകത സംഭവിക്കാതിരിക്കുന്നതിന് പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 വിവിധ റോഡ് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ ബാരൽ വില അതാത് ഫണ്ടുകളിൽ തിരികെ ഒടുക്കിയിട്ടില്ല

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ മുൻവർഷം ലഭിച്ച 50,056 രൂപയും തൻവർഷം ബില്ലുകളിൽ നിന്നും ഈടാക്കിയ (ഓഡിറ്റ് റിക്കവറി ഉൾപ്പെടെ) 99,896 രൂപയും ഉൾപ്പെടെ 1,49,952 രൂപ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ടി തുക സർക്കുലർ 59827/എഫ്.എം./07 തസ്വഭവ 30.10.07 ലെ നിർദ്ദേശപ്രകാരം അതാത് ഫണ്ടുകളിൽ തിരികെ ഒടുക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.12) നൽകിയ മറുപടിയിൽ തുക ഒരു മാസത്തിനകം അതാത് ഫണ്ടുകളിൽ ഒടുക്കു വരുത്തി വിവരം

അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 1,49,952 രൂപ നിശ്ചിത ശീർഷകത്തിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 ഇ-ടെൻഡർ - ടെൻഡർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

2018-19 വർഷം പഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്ത്പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക 41,115 രൂപ സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2016-17 വർഷം മുതൽ ടെൻഡർ ചെയ്ത വർക്കുകളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുവാനുള്ള തുകയുടെ കണക്ക് നിലവിൽ തയ്യാറാക്കി യിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ഫാറവില | ആകെ ഫീസ് |
|---|---|---|---|---|---|
| 1 | 63/19 | പരുത്തിമൂട്-കാളച്ചന്ത റോഡ് റീടാറിംഗ് | 3 | 1,537 | 4,611 |
| 2 | 46/19 | കൊന്നക്കൽ-പഴുക്കാകുളം റോഡ് കോൺക്രീറ്റിംഗ് | 2 | 1,456 | 2,912 |
| 3 | 53/19 | മണ്ണുപുരയിടം-ഇടയരിക്കപ്പുഴ റോഡ് റീടാറിംഗ് | 2 | 1,520 | 3,040 |
| 4 | 52/19 | മണ്ണുപുരയിടം-കളത്തൂർപ്പടി റോഡ് കോൺക്രീറ്റിംഗ് | 2 | 1,344 | 2,688 |
| 5 | 100/19 | മുണ്ടത്താനം-മാങ്ങോട്ടുപടി റോഡ്-റീടാറിംഗ് | 2 | 1,082 | 2,164 |
| 6 | 17/19 | പുതുവാകുന്ന്-അമ്മനംപാറ റോഡ് കോൺക്രീറ്റിംഗ് | 2 | 1,344 | 2,688 |
| 7 | 61/19 | വേട്ടമലപ്പടി- | 4 | 1,553 | 6,212 |

| | | | | | |
|---|---|---|---|---|---|
| | | ഇടയരിക്കപ്പുഴ റോഡ്-റീടാറിംഗ് | | | |
| 8 | 20/19 | കുര്യംപ്ലാക്കൽ-ലക്ഷംവീട് റോഡ്-കോൺക്രീറ്റിംഗ് | 5 | 2,240 | 6,720 |
| 9 | 141/19 | ചിറവാലുങ്കൽ-പാലത്താനി റോഡ് കലുങ്ക് നിർമ്മാണം | 3 | 1,120 | 3,360 |
| 10 | 142/18 | 112-ാം നമ്പർ അങ്കണവാടി നിർമ്മാണം | 3 | 2,240 | 6,720 |
| | | ആകെ | | | **41,115** |

ടെൻഡർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട 41,115 രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 തൊഴിൽ നികുതി അടച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല

1) പഞ്ചായത്തിലെ തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട 2018-19 വർഷത്തെ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| വിവേകാനന്ദ സ്കൂൾ, പത്തനാട് | ഒന്ന്, രണ്ട് |
| ഗ്രിഗോറിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പത്തനാട് | ഒന്ന്, രണ്ട് |
| കോനാട്ട് ഏജൻസീസ്, പത്തനാട് | ഒന്ന്, രണ്ട് |
| മലബാർ എസ്കേപ്പ് | രണ്ട് |
| പരുത്തിമൂട് ക്ഷീരോത്പാദക സംഘം | രണ്ട് |
| സൗത്ത് ഇന്ത്യൻ ബാങ്ക്, പത്തനാട് | രണ്ട് |
| കെ.എസ്.ഇ.ബി., പത്തനാട് | രണ്ട് |
| കങ്ങഴ ഗ്രാമപഞ്ചായത്ത് | രണ്ട് |

2) സൗത്ത് ഇന്ത്യൻ ബാങ്ക് പത്തനാട്, കെ.എസ്.ഇ.ബി. കങ്ങഴ, ലക്ഷ്മി നേഴ്സിംഗ് ഹോം, ക്ഷീരോത്പാദക സഹകരണ സംഘം, പരുത്തിമൂട് മുതലായ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ലഭിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3) 2018-19 വാർഷികകണക്കുകളിലെ ബി-15 ഷെഡ്യൂൾ പ്രകാരം കുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്ന തൊഴിൽനികുതി 21,910/- (6420 +15420 )രൂപയാണ്. ആയത്

ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

4) തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങൾ/വ്യാപാരികളെ ഉൾപ്പെടുത്തിയുള്ള തൊഴിൽനികുതി (സ്ഥാപനങ്ങൾ/വ്യാപാരികൾ) രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-8 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത

2018-19 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ പഞ്ചായത്ത് പരിധിയിലുള്ള ബഥനി ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തുന്ന പത്രികയിൽ അടിസ്ഥാനശമ്പളം തന്നെ അർദ്ധവാർഷിക വരുമാനമായി രേഖപ്പെടുത്തി തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നു. തൊഴിൽ നികുതി പത്രികയിൽ അടിസ്ഥാനശമ്പളം, അർദ്ധവാർഷിക വരുമാനം എന്നിവ 6000/-, 5000/-, 10000/- എന്നിങ്ങനെ ഒരേ തുക രേഖപ്പെടുത്തി യഥാക്രമം 180/-, 180/-, 300/- എന്നീ തുകകളാണ് ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. ഇതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.10)യുടെ മറുപടിയിൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണെന്നറിയിച്ചിട്ടുണ്ട്. അർദ്ധവാർഷിക വരുമാന പത്രികകൾ പഞ്ചായത്ത് തലത്തിൽ പരിശോധന നടത്താത്തത് മൂലം സംഭവിക്കുന്ന ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-9 ബിൽഡിംഗ് പെർമിറ്റ് അപാകത

2018-19 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ എല്ലാ അപേക്ഷകളിന്മേലും സ്വീകരിച്ച തുടർനടപടികളുടെ/പെർമിറ്റ് നൽകിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്ററിലെ ക്രമ നം. | ഫയൽ നം./തീയതി | അപേക്ഷകന്റെ പേര് |
|---|---|---|
| 31 | 1402/-18, 6.4.18 | അയ്യപ്പൻ ജി. |
| 38 | 1694/18, 2.5.18 | വിജയകുമാർ വി. |
| 40 | 1740/18, 4.5.18 | ജയ്സൺ |
| 42 | 1820/18, 10.5.18 | സി.ഐ.സലിം |
| 46 | 2141/18,2.6.18 | മാത്യൂ ജോസഫ് |
| 49 | 2312/18, 18.6.18 | രാജശേഖരൻ നായർ |
| 65 | 3662/18, 30.8.18 | വികാർ, സെന്റ് തോമസ് ചർച്ച് |
| 88 | 4313/18, 20.10.18 | ഇ.പി.ഗോപാലകൃഷ്ണപിള്ള |
| 106 | 4958/18, 5.12.18 | വികാർ, റീത്ത് ചർച്ച് |
| 28 | 1109/19, 11.3.19 | എം.എസ്.ബിജു |
| 32 | 1151/19, 13.3.19 | ജോസഫ് |
| 33 | 1174/19, 14.3.19 | ജോസഫ് |
| 34 | 1175/19, 14.3.19 | ജോസഫ് |

സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ മറുപടി പ്രകാരം മേൽപ്പറഞ്ഞ അപേക്ഷകളിന്മേൽ അപാകത പരിഹരിക്കാൻ/ ഫീസടയ്ക്കാൻ/നിർമ്മാണം പൂർത്തീകരിച്ചതിനാൽ ക്രമവൽക്കരണ നടപടികൾ സ്വീകരിക്കാൻ കത്ത് നൽകിയിട്ടുള്ളതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തു തലത്തിൽ ആവശ്യമായ പരിശോധനകൾ നടത്തേണ്ടതും പെർമിറ്റില്ലാതെ കെട്ടിടനിർമ്മാണം നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-10 പെട്രോൾ പമ്പുകൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിലെ 2 പെട്രോൾ പമ്പുകൾക്ക് 2018-19 വർഷം ലൈസൻസ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) അന്നമ്മ ജോസഫ്, ഓലിക്കര എന്നയാളിന്റെ ഉടമസ്ഥതയിലുള്ള റോബിൻ പെട്രോളിയം എന്ന പെട്രോൾ പമ്പിന് (കെട്ടിടനമ്പർ-3 /349 ) 30.4.2018 തീയതിയിലെ എ8-1463/57/18 നമ്പരായി 30.12.2018 വരെ ലൈസൻസ് നൽകിയിട്ടുണ്ട്.

2) സ്വരൻജിത്ത് ലാൽ സി.എസ്. എന്നയാളിന്റെ ഉടമസ്ഥതയിലുള്ള ചേന്നാട്ട് ഫ്യൂവൽസ് എന്ന പെട്രോൾ പമ്പിന് (കെട്ടിടനമ്പർ-7/22 ) 09.05.2018 തീയതിയിലെ എ8-11572/68/18 നമ്പരായി 30.06.2018 വരെ ലൈസൻസ് നൽകിയിട്ടുണ്ട്. തുടർന്നുള്ള കാലയളവിലെ ലൈസൻസിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിയുടെ (നം.5) മറുപടിയിൽ കാലാവധി നീട്ടുന്നതിന് പുതുക്കിയ രേഖ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ലൈസൻസ് പുതുക്കി നൽകിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ ബാധകമായ എല്ലാ സ്ഥാപനങ്ങളും ടി ചട്ടങ്ങൾ പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ പ്രോജക്ടുകൾക്ക് ചെലവഴിച്ച തുകകൾ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല -8.96 ലക്ഷം രൂപ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല

ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് തൻവർഷം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവ് പത്രിക പരിശോധിച്ചതിൽ ടി തുകകൾ അക്കൗണ്ട്

ചെയ്യപ്പെട്ടിട്ടില്ല.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | വകയിരുത്തിയത് | ചെലവ് | വൗച്ചർ നം./ തീയതി |
|---|---|---|---|---|
| 112/18 | വാട്ടർ ടാങ്ക് വിതരണം എസ്.സി. | 38,600 (തനത് ഫണ്ട്) | 18,975 | ചെ.നം. 14115/26.5.18 |
| 133/19 | കാർഷിക പുനർജീവന കേന്ദ്രം | 3,00,000 (തനത് ഫണ്ട്) | 2,55,954 | ചെ.നം. 900329/7.6.18 |
| 108/19 | എസ്.സി.സാംസ്കാരിക നിലയത്തിന് സ്ഥലം വാങ്ങൽ | 4,50,000 (ജില്ലാ പഞ്ചായത്ത് വിഹിതം) | 4,21,254 | 21800207/30.6.18 |
| 109/19 | തെരുവ് വിളക്കുകൾ വാങ്ങൽ | 2,00,000 (തനത് ഫണ്ട്) | 2,00,000 | 21800272/24.7.18 |
| | **ആകെ** | | **8,96,183** | |

ടി 8,96,183 രൂപ വീണ്ടും അക്കൗണ്ട് ചെയ്യുന്നതിന് തൽക്കാലം സംവിധാനങ്ങളൊന്നും നിലവിലില്ല എന്നാണ് ബന്ധപ്പെട്ട സെക്ഷൻ അറിയിച്ചത്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13) മറുപടിയിൽ സാംഖ്യയിൽ യഥാസമയം റിക്വിസിഷൻ നൽകാതിരുന്നതാണ് ടി വ്യതിയാനത്തിന് കാരണമെന്ന് സെക്ഷൻ അറിയിച്ചിട്ടുണ്ട്. മേൽനോട്ട ചുമതലയുള്ള സ്ഥാപനത്തിലെ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ വീഴ്ച വരുത്തിതായി കാണുന്നു. ടി അപാകം ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 3-2 വാട്ടർ പൈപ്പ് കണക്ഷൻ-സ്ട്രീറ്റ്‌ലൈറ്റ് തുടങ്ങിയവയുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

കങ്ങഴ ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള വാട്ടർ കണക്ഷനുകൾ, സ്ട്രീറ്റ്‌ലൈറ്റുകൾ എന്നിവയുടെ എണ്ണം സംബന്ധിച്ചും അവയുടെ പ്രവർത്തനം സംബന്ധിച്ചും ബന്ധപ്പെട്ട വകുപ്പുകളുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. വാട്ടർ അതോറിറ്റിയുടെ ഡിമാന്റെ നോട്ടീസ് പ്രകാരം ആകെ 154 കണക്ഷനുകൾക്കായി എല്ലാ മാസവും 67,375/- രൂപ വീതം ഗ്രാമ പഞ്ചായത്ത് അടവാക്കുന്നുണ്ട്. എന്നാൽ ടി വാട്ടർ ടാപ്പുകളൊക്കെ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. അതുപോലെ തന്നെ സ്ട്രീറ്റ്‌ലൈറ്റുകളുടെ എണ്ണത്തെ സംബന്ധിച്ചും കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. 50,000/- രൂപയിലധികം തുക

സ്ട്രീറ്റ്ലൈറ്റുകളുടെ കറന്റ് ചാർജിനത്തിലും വാടക ഇനത്തിലും ഗ്രാമപഞ്ചായത്ത് അടവാക്കുന്നുണ്ട്. ടി സാഹചര്യത്തിൽ അതാത് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വാട്ടർ കണക്ഷൻ സംബന്ധിച്ചും സ്ട്രീറ്റ്ലൈറ്റ് സംബന്ധിച്ചും കൃത്യമായ വിവരങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. സ്ട്രീറ്റ്ലൈറ്റുകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആകെ സ്ട്രീറ്റ്ലൈറ്റുകൾ സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമല്ല. രജിസ്റ്റർ അപൂർണ്ണമായി സൂക്ഷിക്കാതെ കൃത്യമായ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ച് പരിഷ്കരിക്കേണ്ടതാണ്.

# 3-3 തെങ്ങുകൃഷി വികസനം -തെങ്ങിൻ തൈകൾ നാളിതുവരെ ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 13/19 |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| അടങ്കൽ - വികസന ഫണ്ട്<br><br>ഗു.വി സ്ഥാപനത്തിൽ അടയ്ക്കുന്നത് | 2,00,000<br><br>6,300 |
| ചെലവ് - വികസന ഫണ്ട്<br><br>ഗു.വി സ്ഥാപനത്തിൽ അടയ്ക്കുന്നത് | 1,89,540<br><br>4,500 |
| ബിൽ നം. | 34/22.3.19 |

തെങ്ങു കൃഷിവികസനം എന്ന പ്രോജക്ട് പ്രകാരം കേടായ 180 തെങ്ങ് വെട്ടിമാറ്റുന്നതിനും 180 തെങ്ങിൻതൈകൾ നൽകുന്നതിനുമായി തുക ചെലവഴിച്ചിട്ടുണ്ട്. ഒരു തെങ്ങ് വെട്ടിമാറ്റുന്നതിന് 1,000 രൂപയാണ് നൽകിയത്. കൂടാതെ ഒരു തെങ്ങിൻ തൈയ്ക്ക് 75 രൂപ നിരക്കിൽ 180 തെങ്ങിൻ തൈകളുടെ വിലയായി 13,500 രൂപ (9000 + 4500 (ഗു.വി) ) കോഴ കൃഷിഫാമിന് നല്കിയിട്ടുണ്ട്. **എന്നാൽ നാളിതുവരെ തെങ്ങിൻ തൈകൾ ലഭിച്ചിട്ടില്ല. ആയതിനാൽ തെങ്ങിൻ തൈകളുടെ വിലയിനത്തിൽ സബ്സിഡിയായി നല്കിയ** 9,000 രൂപ തടസ്സപ്പെടുത്തുന്നു. തെങ്ങിൻ തൈകൾ ലഭ്യമാക്കി വിതരണം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-4 കൃഷി ഭവൻ ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ഉപകരണങ്ങൾ ലഭിക്കാനവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 44/19 |
| നിർവ്വഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |
| അടങ്കൽ - മെയിന്റനൻസ് ഫണ്ട് | 60,000 |
| | |

| | |
|---|---|
| ചെലവ് - മെയിന്റനൻസ് ഫണ്ട് | 57458 |
| ബിൽ നം. | 21/15.2.19 |

കൃഷി ഭവൻ ഓഫീസിൽ കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനായി കെൽട്രോണിലേക്ക് 57,458 രൂപ നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16)നാളിതുവരെ ടി ഉപകരണങ്ങൾ ലഭിച്ചിട്ടില്ല എന്ന് മറുപടി നല്കി. ആയതിനാൽ ഉപകരണങ്ങളുടെ വിലയിനത്തിൽ നല്കിയ 57,458 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

# 3-5 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിക്ക് ആകെ 20,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | എസ്.ഒ. 14/2018/19 |
| പ്രോജക്ട് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 2,00,000 |
| ചെലവ് | 2,00,000 |
| ബിൽ നം. | 07/18-19/27.06.2018 |

ടി പദ്ധതിക്ക് വേണ്ടി ഹോം കോ ആലപ്പുഴക്ക് 2,00,000 രൂപ നൽകിയിട്ടുണ്ട്.(രസീത് നം.4938/11.07.2018) എന്നാൽ ആകെ 1,34,000/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 66,000 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിനാൽ ടി തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-6 ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 72/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

| | |
|---|---|
| അടങ്കൽ | 3,00,000(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 3,00,000 |
| ബിൽ നം./തീയതി | 1/18-19/24.11.2018 |

ടി പ്രോജക്റ്റ് പ്രകാരം തൻവർഷം 3,00,000 രൂപ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി ഔഷധിക്ക് നൽകിയിട്ടുണ്ട്. ഔഷധി 60975/25.9.18 നമ്പരായി ഹാജരാക്കിയ 3,00,000 രൂപയുടെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. തുകയുടെ കൈപ്പറ്റ് രസീതിനോടൊപ്പം പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ, തുക കൈപ്പറ്റി 60 ദിവസത്തിനകം മരുന്നുകൾ തന്നുകൊള്ളാമെന്ന സമ്മതപത്രം സ്ഥാപനം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഇൻവോയ്സുകൾ പ്രകാരം 2,86,166 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| ഔഷധം ലഭിച്ച തീയതി | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|
| 23.01.2019 | 90096949/31.12.2018 | 99,516 |
| 02.03.2019 | 90103745/23.02.2019 | 76,496 |
| 02.03.2019 | 90103670/23.02.2019 | 29,548 |
| 30.03.2019 | 90105394/28.02.2019 | 15,352 |
| 12.04.2019 | 90111043/31.03.2019 | 58,190 |
| 25.07.2019 | 90119182/29.06.2019 | 7,064 |
| | **ആകെ** | **2,86,166** |

അവശേഷിക്കുന്ന 13,834 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് (നം.1/1.8.19) ലഭ്യമാക്കിയ മറുപടിയിൽ 13,834 രൂപയുടെ മരുന്നുകൾ പലതവണ ആവശ്യപ്പെട്ടിട്ടും സ്റ്റോക്കില്ലെന്ന കാരണം പറഞ്ഞ് നാളിതുവരെ ലഭ്യമാക്കിയിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്റ്റോക്കില്ലെന്ന വിവരം മുൻകൂർ അറിയിക്കാതെയും തുക കൈപ്പറ്റി കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ദീർഘകാലം മരുന്നുകൾ സപ്ലൈ ചെയ്യാതിരിക്കുകയും ചെയ്ത ഔഷധിയുടെ നടപടി ക്രമപ്രകാരമല്ല. അതിനാൽ അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കാത്തപക്ഷം ബാക്കി തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 13,834 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-7 കന്നുകുട്ടിപരിപാലനപദ്ധതി-വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

2018-19 വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടി പരിപാലന പദ്ധതി (പ്രോജക്റ്റ് നം.24/18-19, അടങ്കൽ -3,75,000/- രൂ(-വികസനഫണ്ട്), ചെലവ്- 3,75,000/- രൂ,

ബിൽ നം.2/18-19 തീ:15.11.2018) പ്രകാരം ചെലവഴിച്ച 3,75,000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 3,75,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-8 കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം -തുകകളുടെ വിനിമയം ഇടനില അക്കൗണ്ടിലൂടെ നടത്തി

| | |
|---|---|
| പ്രോജക്ട് നം. | 42/19 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ (വികസന ഫണ്ട് -ജനറൽ)<br>ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 5,00,000/-<br>5,00,000/- |
| ചെലവ് | 5,00,000/- |
| | 5,00,000/- |
| ബിൽ നം. | 2/29.1.2019 |
| | 3/19.3.2019 |
| | 4/19.3.2019 |
| | 5/19.3.2019 |

പ്രസ്തുത പ്രോജക്ട് പ്രകാരം കാലിത്തീറ്റ മീൽമ കാലിത്തീറ്റയുടെ ഹോൾസെയിൽ ഡിസ്ട്രിബ്യൂട്ടറായ വടക്കേക്കരയിൽ ഏജൻസീസ്, കുറുമുള്ളൂർ പി.ഒ., എന്ന സ്ഥാപനത്തിൽ നിന്നും ഇടിയരിക്കപ്പുഴ ക്ഷീരോൽപാദക സംഘം വഴി കർഷകർക്ക് വിതരണം ചെയ്തതായി കാണുന്നു. ടി കാലിത്തീറ്റയുടെ വിലയിനത്തിലെ സബ്സിഡി തുക KCMMF(കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ)ന് നല്കിയിട്ടുമുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

വാഴൂർ ബ്ലോക്ക് ക്ഷീരവികസന ഓഫീസ്, ഡയറി ഫാം ഇൻസ്ട്രക്ടർ 11.3.19, 22.3.19 തീയതികളിൽ മാർക്കറ്റിംഗ് മാനേജർ, KCMMF, പട്ടണക്കാടിന് അയച്ച 29/19, 36/19 നം. കത്തുകൾ പ്രകാരം കങ്ങഴ ഗ്രാമപഞ്ചായത്തിലെ ക്ഷീര സഹകരണ സംഘങ്ങൾക്ക് ഇടയിരിക്കപ്പുഴ ക്ഷീരോൽപ്പാദക സഹകരണ സംഘം വഴി വിതരണം നടത്തിയ കാലിത്തീറ്റയുടെ സബ്സിഡി തുക കമ്പനി അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്നും ടി തുക വടക്കേക്കര ഏജൻസിയുടെ അക്കൗണ്ടിലേക്ക് മാറ്റി നല്കണമെന്നും ആവശ്യപ്പെട്ടതായി കാണുന്നു. മിൽമയിൽ നിന്നും വാങ്ങി വിതരണം ചെയ്ത കാലിത്തീറ്റയുടെ വിലയിനത്തിലെ തുക ഇപ്രകാരം കാലിത്തീറ്റയുടെ ഹോൾസെയിൽ ഡിസ്ട്രിബ്യൂട്ടറായ വടക്കേക്കരയിൽ ഏജൻസീസിന് നല്കാൻ ആവശ്യപ്പെട്ടതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വറിയ്ക്ക് (നം.21)വടക്കേക്കര ഏജൻസീസ് എന്ന സ്ഥാപനം KCMMF ന്റെ

ഹോൾ സെയിൽ ഡീലറാണെന്ന് മറുപടി നല്കി. KCMMF ന് കാലിത്തീറ്റയുടെ വില നല്കുമ്പോൾ KCMMF കാലിത്തീറ്റ ഏജൻസി മുഖേന ക്ഷീര സംഘങ്ങൾക്കു നല്കുകയും വിതരണം ചെയ്യുകയുമാണ് ചെയ്യേണ്ടത്. എന്നാൽ കങ്ങഴ പഞ്ചായത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ കാലിത്തീറ്റയുടെ വില തിരികെ ഏജൻസിയ്ക്ക് നല്കാൻ മിൽമയോട് ആവശ്യപ്പെട്ടതിന്റെ കാരണം വ്യക്തമല്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് നല്കിയ മറുപടിയും തൃപ്തികരമല്ല. പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലും സാമ്പത്തിക വിനിമയങ്ങളിലും നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

# 3-9 ലൈഫ് ഭവന നിർമ്മാണം-വീട് പണി പൂർത്തീകരികരിച്ചിട്ടില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം എന്ന പദ്ധതി ജനറൽ വിഭാഗത്തിൽ 13 ഗുണഭോക്താക്കൾ വീട് പണിപൂർത്തീകരിക്കുവാനുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | എസ് 84/18-19 |
| പ്രോജക്ട് | ലൈഫ് പദ്ധതി -ജനറൽ |
| അടങ്കൽ | 1,48,00,000 |
| ചെലവ് | 1,10,29,758 |
| ആകെ കരാറിൽ ഏർപ്പെട്ടവർ | 37 |
| വീട് പണി പൂർത്തീകരിച്ചത് | 23 |

വീട് പണി പൂർത്തീകരിക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | അനുവദിച്ച തുക | നൽകുവാനുള്ള തുക |
|---|---|---|
| കെ.പി.ലീലാമ്മ, കായപ്ലാക്കൽ-കാനം | 2,60,000 | 1,40,000 |
| ലളിതാംബിക, ഭവാനി വിലാസം-കാനം | 3,00,000 | 1,00,000 |
| ഇസ്മയിൽ, കൊല്ലാർകുഴിയിൽ-കങ്ങഴ | 2,60,000 | 1,40,000 |
| ബാബു, പളിഞ്ചുവള്ളിൽ-കങ്ങഴ | 2,60,000 | 1,40,000 |
| ദിനേശൻ, കരിമ്പാനക്കുഴിയിൽ-മണ്ണുപരയിടം | 2,69,758 | 1,30,242 |
| അനിൽ.ഇ.റ്റി., ഇടുക്കിപ്പാറ-മുണ്ടത്താനം | 2,60,000 | 1,40,000 |
| പി.എം.സാമുവൽ, പടിഞ്ഞാറേതിൽ-മുണ്ടത്താനം | 2,60,000 | 1,40,000 |
| ജോജിദാസ്, വാഴത്തോട്ടത്തിൽ-മുണ്ടത്താനം | 2,60,000 | 1,40,000 |
| രാജപ്പൻ വി.ബി., വെട്ടിക്കുളങ്ങര-കങ്ങഴ | 2,60,000 | 1,40,000 |
| സജി ജോൺ, ചിറവാലുങ്കൽ-മുണ്ടത്താനം | 2,60,000 | 1,40,000 |
| | | |

| | | |
|---|---|---|
| അന്നമ്മ ഡേവിഡ്, കുറ്റിപ്പുറത്ത്-കഞ്ഞഴ | 40,000 | പണി ആരംഭിച്ചിട്ടില്ല |
| വിജയമ്മ, നരിയംപ്ലാക്കൽ-കഞ്ഞഴ | 2,90,000 | 1,10,000 |
| അജിം .എ.എൻ. | 3,40,000 | 60,000 |

കരാറിൽ ഏർപ്പെട്ട 37 ഗുണഭോക്താക്കളിൽ ഒരാൾ വീട് പണി ആരംഭിക്കാതെ അഡ്വാൻസ് നൽകിയ തുക തിരികെ അടച്ചിട്ടുണ്ട്. മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-10 പ്രോജക്ട് നം.74/19 സാന്ത്വന പരിചരണം - ഇൻവോയ്സ് പ്രകാരമുള്ള മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 74/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| അടങ്കൽ | 5,00,000(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | 67,000 (ആകെ ചെലവ് 4,78,423) |
| ബിൽ നം./തീയതി | 11/18-19/19.02.2019 |

സാന്ത്വന പരിചരണ പ്രവർത്തനങ്ങളുടെ ഭാഗമായി, ടി പ്രോജക്ടിൽ ഉൾപ്പെടുത്തി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 67,000 രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നം.PRF 4314/5.2.19 പ്രകാരം ലഭ്യമായ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഇനങ്ങൾ കുറവായാണ് ലഭിച്ചിട്ടുള്ളത്.

| ഇൻവോയ്സ് ക്രമ നം. | ഇനം | ഇൻവോയ്സ് പ്രകാരം എണ്ണം | ലഭിച്ചത് | കുറവ് | തുക |
|---|---|---|---|---|---|
| 3 | Foly Catheter-16 (Rusch) | 100 | 70 | 30 | 1,777.44 (30x59.248) |
| 5 | Hot water bag (safe touch) | 10 | 5 | 5 | 530.82 (5x106.164) |
| | **ആകെ** | | | | **2,308.26** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14) നൽകിയ മറുപടിയിൽ 29.5.19 നും 28.6.19നും കുറവ് വന്ന സാമഗ്രികൾ ലഭ്യമാക്കുന്നതിന് കത്തുകൾ അയച്ചതായും ഫോണിൽ ബന്ധപ്പെട്ടതായും അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് ലഭ്യമാകുന്ന മുറയ്ക്ക് ടി ഉപകരണങ്ങൾ ലഭ്യമാക്കുമെന്നാണ് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അറിയിച്ചിട്ടുള്ളത്.

മരുന്ന് ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 2,308 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 3-11 കരാർ പ്രകാരമുള്ള സമയക്രമം പാലിക്കാത്ത മരാമത്ത് പ്രവൃത്തി-പിഴ ഈടാക്കിയതിൽ കുറവ്

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | ഇലക്കാട് തണ്ണിപ്പാറ റോഡ് റീ ടാറിംഗ് 122/2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ജോർജ്ജ് ആന്റണി |
| കരാർ നമ്പർ/തീയതി | 9/AE/LSGD/KA/17-18 Dt.11.10.2017 |
| അടങ്കൽ | 4,50,000/-(മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| സൈറ്റ് കൈമാറിയ തീയതി | 21.10.17 |
| പൂർത്തീകരണ സമയം | 180 ദിവസം |
| നികുതി അടക്കം ആകെ ചെലവ് | 4,09,732/- |
| കരാറുകാരന് നല്കിയ തുക | 3,80,939/- |
| ബിൽ നം./തീയതി | 47/23.03.2019 |

പ്രസ്തുത പ്രോജക്ടിന്റെ കരാർ പ്രകാരം, കരാർ വച്ച് 20 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് 3 മാസം 1% പിഴയോടെയും പിന്നീട് ഓരോ 3 മാസത്തിനും 2% പിഴയും ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി | 31.10.17<br>(കരാർ വച്ച് 20 ദിവസം) |
| പൂർത്തീകരിക്കേണ്ട തീയതി | 30.04.2018 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(20% ഗ്രേസ് പിരീഡ്) | 6.6.2018 |
| പൂർത്തിയായത് | 21.03.2019 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 05.09.2018 വരെ 1% - 4,500 രൂപ |

| | |
|---|---|
| | 05.12.2018 വരെ 2%- 9,000 രൂപ |
| | 05.03.2019 വരെ 2%- 9,000 രൂപ |
| | 21.3.2019 വരെ 2% (16 ദിവസം) =1,600 |
| | ആകെ 24,100/-രൂപ |
| ഈടാക്കിയ പിഴ | 6,000 |
| കുറവ് | 18,100 |

കരാർ പ്രകാരം 6.6..2018 മുതൽ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിന് പിഴയായി 24,100/- രൂപ ഈടാക്കുന്നതിന് പകരം 6,000 രൂപ മാത്രം ഈടാക്കിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22) മറുപടി ലഭ്യമാക്കിയില്ല. പിഴയിനത്തിൽ കുറവുവന്ന 18,100 രൂപ ഓഡിറ്റിൽ നിരീകരിക്കുന്നു. തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-12 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | മുസ്ലീം ഹൈസ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം, 117/ 18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | മുഹമ്മദ് ഹാരീസ് |
| കരാർ നമ്പർ/തീയതി | 41/AE/LSGD/KA/17-18 Dt.2.2.2018 |
| അടങ്കൽ | 3,50,000/-(13-ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ്) |
| സൈറ്റ് കൈമാറിയ തീയതി | 11.2.18 |
| പൂർത്തീകരണ സമയം | 120 ദിവസം |
| നികുതി അടക്കം ആകെ ചെലവ് | 3,12,777 /- |
| കരാറുകാരന് നല്കിയ തുക | 2,97,729 /- |
| ബിൽ നം./തീയതി | 5/28.5.2018 |
| | 33/24.1.19 |

മുസ്ലീം ഹൈസ്കൂൾ ടോയ്‌ലറ്റ് നിർമ്മാണം എന്ന പ്രവൃത്തിയുടെ കരാർ പ്രകാരം, കരാർ വച്ച് 20 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് 3 മാസം 1% പിഴയോടെയും പിന്നീട് ഓരോ 3 മാസത്തിനും 2% പിഴയും ഈടാക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തി നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല എന്നും കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല എന്നും കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിയമാനുസൃതം പ്രവൃത്തി ആരംഭിക്കേണ്ടിയിരുന്ന തീയതി | 22.2.2018 (കരാർ വച്ച് 20 ദിവസം) |
| പൂർത്തീകരിക്കേണ്ട തീയതി | 21.06.2018 |
| പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നല്കാവുന്നത്(20% ഗ്രേസ് പിരീഡ്) | 16.07.2018(ദീർഘീകരണത്തിന് അപേക്ഷ നല്കിയിട്ടില്ല) |
| പൂർത്തിയായത് | 30.10.2018 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 16.10.2018 വരെ 1% - 3,500 രൂപ |
| | 30.10.2018 വരെ 2%- 1,088 രൂപ |
| | ആകെ 4,588-രൂപ |

ഇപ്രകാരം പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിന് പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23) മറുപടി ലഭ്യമാക്കിയില്ല. ടി ഇനത്തിൽ ഈടാക്കാനുള്ള പിഴ തുകയായ 4,588/- രൂപ കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ തുക തയ്യാറാക്കി നൽകിയ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-13 പ്രോജക്ട് 67/19 - 51-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് - പൊളിച്ച് നീക്കിയ സാധനങ്ങൾ ലേലം ചെയ്തിട്ടില്ല

ടി പ്രോജക്ടിന്റെ എം.ബുക്ക് 21/18-19ലെ ഇനം 1പ്രകാരം പൊളിച്ചു നീക്കിയ 34.720 m2 ആസ്ബസ്റ്റോസ് ഷീറ്റ് ലേലം ചെയ്യാതെ അങ്കണവാടിയുടെ പരിസരത്ത് തന്നെ സൂക്ഷിച്ചിരിക്കുന്നതായി സ്ഥലപരിശോധനയിൽ കാണപ്പെട്ടു. ആയത് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

# 3-14 കാർഷിക പുനർജീവനകേന്ദ്രം - ഭരണാനുമതി ലഭിച്ച 2.128 കോടിയുടെ നബാർഡ് ധനസഹായം നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നം. | 132/18-19 | 133/18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 2,24,00,000 | 3,00,000 |
| ചെലവ് | ഇല്ല | 2,55,954 |
| ബിൽ നം./തീയതി | - | ചെ.നം.900329/7.6.18 |

കാർഷിക മേഖലയുടെ വികസനവും ഉത്പ്പന്നങ്ങളുടെ വിപണനവും ലക്ഷ്യമിട്ട് നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്നതിന് ഉദ്ദേശിച്ച് തയ്യാറാക്കിയ പ്രോജക്ടാണ് ഇത്. ടി പ്രോജക്ടിന് നബാർഡ് ധനസഹായം ആയി 2018-19ൽ 63.84 ലക്ഷം രൂപയും 2019-20ൽ 148.96 ലക്ഷം രൂപയും ഉൾപ്പെടെ 212.80 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 11.20 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ജി.ഒ.(ആർ.ടി.) നം.4190/2017/LSGD dt. 28.12.2017 പ്രകാരം ടി പ്രോജക്ടിന് RIDF XXIII ൽ ഉൾപ്പെടുത്തി ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെങ്കിലും 2018-19ലെ ധനസഹായം പോലും നാളിതുവരെ ലഭിച്ചിട്ടില്ല. തൻവർഷം പ്രോജക്ട് 133/18-19ൽ ഉൾപ്പെടുത്തി മണ്ണ് പരിശോധന, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കൽ ഇവയ്ക്കായി 2,55,954 രൂപ എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിക്ക് നൽകിയിട്ടുണ്ട്. കൂടാതെ, കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണത്തിന് കരിങ്കല്ല് പൊട്ടിച്ച് മാറ്റിയ വകയിൽ ലഭിച്ച കരിങ്കല്ലിന്റെ സർവ്വേ റിപ്പോർട്ട് അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള 85,500 രൂപയുടെ കരിങ്കല്ല് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. യഥാസമയം പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിക്കാത്തപക്ഷം ധനസഹായമായി അനുവദിച്ച 2.128 കോടി രൂപ നഷ്ടപ്പെടുവാനും ഇത് മൂലം പ്രാരംഭചെലവുകൾ ഉൾപ്പെടെ ഇതുവരെ നടത്തിയ പ്രവൃത്തികൾ പാഴായിപ്പോകുന്നതിനും സാധ്യതയുണ്ട്. ധനസഹായം ഇനത്തിൽ തുകയൊന്നും തന്നെ നാളിതുവരെ പഞ്ചായത്ത് അക്കൗണ്ടിൽ ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ പരിമിതമായ വിഭവശേഷി കൊണ്ട് ഏറ്റെടുക്കാൻ കഴിയാത്തതരത്തിലുള്ള വിപുലമായ പദ്ധതി അനുവദിക്കപ്പെട്ട ഫണ്ട് യഥാസമയം നേടിയെടുക്കുന്നതിലുള്ള വീഴ്ച മൂലവും ഭരണതലത്തിലുള്ള ഇടപെടലിന്റെ അഭാവം മൂലവും ഉപേക്ഷിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ്. ടി പ്രോജക്ടിന്റെ പ്രാധാന്യം കണക്കിലെടുത്ത് നബാർഡ് ധനസഹായം ലക്ഷ്യമിട്ട് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-15 112-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടനിർമ്മാണം

## - കെട്ടിടം പ്രവർത്തനക്ഷമമായില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 130/18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 5,000 (തനതുഫണ്ട്) |
| | 1,80,000 (ബ്ലോക്ക് വിഹിതം) |
| | 7,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 4,55,943 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| വൗച്ചർ നം./ തീയതി | 21801069/21.3.2019 |
| എം.ബുക്ക് നം. | 49/17-18 |
| എഗ്രിമെന്റ് നം. | 42/AE/LSGD/KA/17-18/28.03.2018 |

ടി നിർമ്മാണ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1) 28.03.2018 ൽ എഗ്രിമെന്റ് വച്ച് ആരംഭിച്ച ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 8 മാസമായിരുന്നു. ശ്രീ.മുഹമ്മദ് ഹാരിസ്, പുതുപ്പറമ്പിൽ, കങ്ങഴ എന്ന കോൺട്രാക്ടർ എസ്റ്റിമേറ്റ് നിരക്കിൽ ചെയ്ത ടി പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല. പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും കോൺട്രാക്ടർ അതിനുള്ള കാരണം ബോധിപ്പിക്കുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് കരാർ പുതുക്കുകയോ ചെയ്തിട്ടില്ല.

2) പാർട്ട് ബിൽ നൽകിയപ്പോൾ റീടെൻഷൻ ഇനത്തിൽ 11,691 രൂപ കുറവ് ചെയ്തിട്ടുണ്ടെങ്കിലും തുക പിൻവലിച്ച് തനത്ഫണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. ഇത് പാർട്ട് ബിൽ നൽകുന്ന വർഷത്തെ യഥാർത്ഥ ചെലവിൽ ഉൾപ്പെടാതിരിക്കുന്നതിന് ഇടയാക്കുന്നു.

3) ടി പ്രോജക്ടിന്റെ സ്ഥലപരിശോധന നടത്തിയതിൽ കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പ്ലംബിംഗ് ജോലികൾ പൂർത്തീകരിച്ചതായി കാണുന്നില്ല.

4) വയറിംഗ് ചെയ്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

5) ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ പൂർണ്ണമായും വിനിയോഗിച്ചില്ല.

ടി അപാകങ്ങൾ പരിഹരിച്ച് നിയമാനുസൃത ഫൈൻ ഈടാക്കി പ്രവൃത്തി പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കുന്നത് വരെ ടി പ്രോജക്ടിന് വേണ്ടിയുള്ള 4,55,943 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-16 ആശ്രയ പദ്ധതി - നിർവ്വഹണം ഫലപ്രദമല്ല

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുൾപ്പെട്ട പ്രദേശത്തെ നിർധനരും നിരാലംബരുമായവരെ

കണ്ടെത്തി, അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യ ശ്രേണിയിലേയ്ക്ക് കൊണ്ടുവരുന്നത് ലക്ഷ്യമിട്ടാണ്, ആശ്രയ പദ്ധതി 2007-10 വർഷങ്ങളിൽ ഒന്നാം ഘട്ടവും 2011-17 വർഷങ്ങളിൽ രണ്ടാം ഘട്ടവും ആരംഭിച്ചത്. ഭൂരഹിതർക്ക് ഭൂമി, മറ്റടിസ്ഥാന സൗകര്യങ്ങളായ വസ്ത്രം, ഭക്ഷണം, ശൗചാലയം, ജലലഭ്യത എന്നിവ ഉറപ്പുവരുത്തുകയെന്നതാണ് പദ്ധതി ലക്ഷ്യം. 28.09.2018 ലെ പഞ്ചായത് കമ്മറ്റി തീരുമാനം നം.6 (1) പ്രകാരം, അടങ്കൽ തുക 2,12,33,121/- രൂപ വരുന്ന പദ്ധതിയ്ക്ക് അഗതി രഹിത കേരളം (2018-2021) അംഗീകാരം നൽകിയിട്ടുണ്ട്. Destitute Free Kerala - Kangazha CDS എന്ന പേരിൽ എസ്.ബി.ഐ ഇടിയിരിക്കപ്പുഴ/പത്തനാട് ശാഖയിലെ അക്കൗണ്ട് നം.38432723891 ലേയ്ക്ക്, ആശ്രയ ഒന്ന്, രണ്ട് ഘട്ടങ്ങളിലെ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുകകൾ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് ഇനം | തുക | ക്രെഡിറ്റ് തീയതി |
|---|---|---|
| <u>**ആശ്രയ ഒന്നാം ഘട്ടം**</u><br>പ്ലാൻ ഫണ്ട് : 736/-<br>ചലഞ്ച് ഫണ്ട് : 12,48,814/- | 12,49,550/- | 19.07.2019 |
| <u>**ആശ്രയ രണ്ടാം ഘട്ടം**</u><br>പ്ലാൻ ഫണ്ട് : 2,43,748/-<br>ചലഞ്ച് ഫണ്ട് : 1,29,371/- | 3,73,119/- | 19.06.2019 |
| **ആകെ** | **16,22,669/-** | |

പദ്ധതി മാർഗ്ഗരേഖ പ്രകാരം, പ്രതിമാസ അവലോകനം നടത്തി പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിലുള്ള പുരോഗതി വിലയിരുത്തേണ്ടതാണ്. ഓഡിറ്റ് വർഷം ആശ്രയ പദ്ധതിയ്ക്കായി (നം.41/2018-19), പൊതു വിഭാഗം സാധാരണ വിഹിതത്തിൽ ഉൾപ്പെടുത്തി അടങ്കൽ തുകയായി 1,00,000/- രൂപ വകയിരുത്തിയെങ്കിലും, തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. 19.07.2019 തീയതിയിൽ 15,53,788/-രൂപ ടി അക്കൗണ്ടിൽ ശേഷിക്കുന്നു. അർഹമായ പദ്ധതി തുക അഗതി രഹിത കേരളം പദ്ധതിയുടെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

# <u>ഭാഗം -4</u>

# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ

# വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 1,80,000 | അങ്കണവാടി നിർമ്മാണം -വാർഡ് 8 | 0 | 1,80,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,00,000 | പാലിന് സബ്സിഡി | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 9,69,758 | ലൈഫ് പദ്ധതി | 9,69,758 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3,36,875 | ലൈഫ് പദ്ധതി എസ്.സി | 3,36,875 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50,000 | ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 83,350 | അങ്കണവാടി പോഷകാഹാരം | 0 | 83,350 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,50,000 | മണ്ണപുരയിടം-കളത്തുർപ്പടി റോഡ് കോൺക്രീറ്റിംഗ് | 2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,50,000 | പുതുവാകുന്ന് അമ്മനംപാറ റോഡ് | 0 | 2,50,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,00,000 | കാനം സി.എസ്.ഐ.ചർച്ച് -പുതുവയൽ നടപ്പാത | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3,50,000 | കുര്യംപ്ലാക്കൽ ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റിംഗ് | 0 | 3,50,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3,50,000 | ചിറവാലുങ്കൽ പാലത്താനി കലുങ്ക് നിർമ്മാണം | 0 | 3,50,000 |
| ജില്ലാ പഞ്ചായത്ത് | 2017-2018 | 7,00,000 | 112-ാം നം.അങ്കണവാടി നിർമ്മാണം | 4,55,943 | 2,44,057 |
| ,, | 2017-2018 | 4,50,000 | എസ്.സി സാംസ്കാരിക നിലയം സ്ഥലം വാങ്ങൽ | 4,21,254 | 28,746 |
| ,, | 2018-19 | 2,50,395 | ലൈഫ് പദ്ധതി എസ്.സി | 2,50,395 | 0 |
| ,, | 2018-19 | 7,54,504 | ലൈഫ് പദ്ധതി എസ്.സി | 7,54,504 | 0 |
| ,, | 2018-19 | 1,00,000 | പാലിന് സബ്സിഡി | 1,00,000 | 0 |
| ,, | 2018-19 | 3,00,000 | കൊന്നക്കൽ പഴക്കാകുളം റോഡ് കോൺക്രീറ്റിംഗ് | 3,00,000 | 0 |
| ,, | 2018-19 | 3,00,000 | കുര്യംപ്ലാക്കൽ ലക്ഷം വീട് കോളനി റോഡ് കോൺക്രീറ്റിംഗ് | 0 | 3,00,000 |

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം നിക്ഷേപപ്രവൃത്തികൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുക വരവുണ്ട്.

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | | 61,78,226 | 0 | 61,78,226 | 0 | 61,78,226 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2012-13 | 3-7(ബി) | 17,691 | ആർ.ഷൈലജ, അസിസ്റ്റന്റ് എൻജിനീയർ | 118010101562/3.8.19 |
| 2012-13 | 3-7(ബി) | 4,163 | ആർ.ഷൈലജ, അസിസ്റ്റന്റ് എൻജിനീയർ | 118010101599/8.8.19 |
| 2017-18 | 3-9 | 8,354 | ഫിലിപ്പ് തോമസ്, കരാറുകാരൻ | 118010104254/24.12.18 |
| 2017-18 | 3-9 | 4,178 | ജോർജ്ജ് തോമസ്, കരാറുകാരൻ | 118010104260/24.12.18 |
| 2017-18 | 3-1-1 | 1,149 | മുഹമ്മദ് ഹാരിസ്, കരാറുകാരൻ | 118010104263/24.12.18 |
| | **ആകെ** | **35,535** | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്

നിയമം 23- വകുപ്പ് പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-5 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ- നടപടി ക്രമങ്ങളിലെ വീഴ്ചകൾ | കാലിക സ്ഥിതി വിവരം ലഭ്യമല്ല |

# 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,37,38,302 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,19,20,058 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 22,688 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9,79,543 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-11 | | 18,100 | ശ്രീമതി ബിജിമോൾ പി.പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | | 4,588 | ശ്രീമതി ചിത്ര എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | | **22,688** | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 3-3 | 9,000 | ശ്രീമതി സ്നേഹലത മാത്യൂസ്, കൃഷി ഓഫീസർ |
| 3-4 | 57,458 | ശ്രീമതി സ്നേഹലത മാത്യൂസ്, കൃഷി ഓഫീസർ |
| 3-5 | 66,000 | ശ്രീമതി ഗീതാ മേരി മാമ്മൻ, സെക്രട്ടറി |
| 3-6 | 13,834 | ഡോ.സൗമ്യ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-7 | 3,75,000 | ഡോ.അജയ് കുരുവിള, വെറ്ററിനറി സർജൻ |
| 3-10 | 2,308 | ഡോ.ജോസഫ് ആന്റണി, മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| 3-15 | 4,55,943 | ശ്രീമതി ബിജിമോൾ പി.പി., അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **9,79,543** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിജിമോൾ പി.പി., അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ബിജിമോൾ പി.പി., അസിസ്റ്റന്റ് എഞ്ചിനീയർ, കഞ്ഞഴ | കണ്ണമംഗലം, വെച്ചൂർ പി.ഒ., വൈക്കം |
| ശ്രീമതി ചിത്ര എസ്., അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ചിത്ര എസ്., അസിസ്റ്റന്റ് എഞ്ചിനീയർ, കഞ്ഞഴ | ശ്രുതി, സി.എം.സി.12, ചേർത്തല, ആലപ്പുഴ |

*(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)*

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി.5/266/19(1)/18.5.19 | 3 |
| 2001-02 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി.5/266/19(2)/18.5.19 | 1 |
| 2002-03 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി.5/266/19(3)/18.5.19 | 1 |
| 2003-04 ചെലവ് | നം.എൽ.എഫ്.കെ.പി.11/1190/06/23.3.07/7.9.07 | |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(8)/18/ 01.02.18 | 1 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(9)/18/ 01.02.18 | 6 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(10)/18/ 20.02.18 | 13 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(11)/18/ 21.02.18 | 5 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(12)/18/ 21.02.18 | 4 |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(13)/18/ 21.02.18 | 2 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(14)/18/ 21.02.18 | 6 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി.5(അദാ.18)188(15)/18/ 20.02.18 | 8 |
| 2012-13 | നം.എൽ.എഫ്.കെ.പി.5/672/16/20.08.16 | 19 |
| 2013-14 | നം.എൽ.എഫ്.കെ.പി.5/1274/16/03.10.16 | 14 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.5-1860/16/20.05.17 | 17 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.5-535/17/28.02.18 | 15 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.5-72/18/23.01.18 | 15 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.5-204/19/18.5.19 | 10 |

**ഡെപ്യൂട്ടി ഡയറക്ടർ,**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി5-1257/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി:31.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ** വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,